"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ദുർബല വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകുമ്പോൾ മെറ്റീരിയൽ ഇനത്തിലെ കേന്ദ്രവിഹിതം ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ മെറ്റീരിയൽ ഘടകത്തിലെ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്നതിനും കേന്ദ്ര വിഹിതം ലഭ്യമാവുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീക്കുപ്പ് ചെയ്യാനും അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2056/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 02/11/2020

---

പരാമർശം:- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 18.08.2020-ലെ 52996/ഇ/2020/ആർ.ഇ.ജി.എസ്(2) നമ്പർ കത്ത്

## ഉത്തരവ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ തരം വ്യക്തിഗത ആസ്തികൾ ദേശീയ തൊഴിലുറപ്പ് നിയമം-2005 പട്ടിക I, ഖണ്ഡിക 5-ലെ മുൻഗണനാ വിഭാഗങ്ങൾക്ക് പ്രഥമ പരിഗണന നൽകി സംസ്ഥാനത്ത് നിർമ്മിച്ച് വരുന്നു. നടപ്പ് വർഷം മാലിന്യ സംസ്കരണ ക്യാമ്പയിനിന്റെ ഭാഗമായി സോക് പിറ്റ്, കമ്പോസ്റ്റ് പിറ്റ് തുടങ്ങിയവയും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായുള്ള തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയും വ്യക്തിഗത ആസ്തികളായി നിർമ്മിക്കപ്പെടുന്നുണ്ട്. ഇത്തരത്തിൽ ആസ്തികൾ നിർമ്മിക്കുമ്പോൾ പ്രവൃത്തികൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ഉപഭോക്താക്കൾ തന്നെ നേരിട്ട് വാങ്ങുകയും പിന്നീട് കേന്ദ്ര സർക്കാരിൽ നിന്നും മെറ്റീരിയൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്തു വരുന്നത്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും മെറ്റീരിയൽ ഫണ്ട് വിതരണം ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ദുർബല വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കളെ ബുദ്ധിമുട്ടിലാക്കുകയും മേല്പറഞ്ഞ പദ്ധതികളുടെ ഭാഗമാകാനുള്ള സന്നദ്ധത കുറക്കുകയും ചെയ്യുന്നതായും ഇതിന് പരിഹാരമായി മേൽ പരിപാടികളുടെ ഭാഗമായുള്ള കമ്പോസ്റ്റ് പിറ്റ്, സോക് പിറ്റ്, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട് എന്നിവ നിർമ്മിക്കുന്ന ഗുണഭോക്താക്കൾക്ക് മെറ്റീരിയൽ ഘടകത്തിലുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്നതിനും കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാവുമ്പോൾ പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യുന്നതിനും അനുമതി നൽകുന്നത് ടി പരിപാടികളുടെ വിജയത്തിന് അഭികാമ്യമായിരിക്കും എന്ന് പരാമർശ കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ മാലിന്യ സംസ്കരണ ക്യാമ്പയിനിന്റെയും സുഭിക്ഷ കേരളം പദ്ധതിയുടെയും ഭാഗമായി നിർമ്മിക്കുന്ന വ്യക്തിഗത ആസ്തികളുടെ ഗുണഭോക്താക്കളായ ദുർബല വിഭാഗത്തിൽപ്പെടുന്നവർക്ക് മെറ്റീരിയൽ ഇനത്തിലെ

കേന്ദ്രവിഹിതം ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, മെറ്റീരിയൽ ഘടകത്തിലെ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്നതിനും കേന്ദ്ര വിഹിതം ലഭ്യമാവുന്ന മുറയ്ക്ക് ഇങ്ങനെ വിതരണം ചെയ്ത തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീക്ലപ്പ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

3.ഗ്രാമപഞ്ചായത്തിൻ്റെ തനത് ഫണ്ട് അക്കൗണ്ടിന് കോർ ബാങ്കിങ് സൗകര്യം ഉണ്ടെങ്കിൽ ടി അക്കൗണ്ടിനെ 'എൻ.ആർ.ഇ.ജി.എ. സോഫ്റ്റിൽ' വെണ്ടർ അക്കൗണ്ടായി മാപ്പ് ചെയ്യുകയും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് തുക നൽകിയ ശേഷം കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഇങ്ങനെ നൽകിയ തുക അക്കൗണ്ടിലേക്ക് റീക്ലപ്പ് ചെയ്യുകയും ചെയ്യാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.11.09 14:01:24 IST
Reason: Approved
സെക്ഷൻ ഓഫീസർ